## പതിനാലാം കേരള നിയമസഭ

## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 334 — 13/12/2018 ൽ മറുപടിക്ക്

### ആരാധനാലയങ്ങളുടെ പരിസരത്ത് ആയുധ പരിശീലനം

ചോദ്യം

ശ്രീ.റ്റി.വി.രാജേഷ്
ശ്രീ.പുരുഷൻ കടലുണ്ടി
ശ്രീ.പി. ഉണ്ണി
ശ്രീ.എം. നൗഷാദ്

മറുപടി

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | രാജ്യവ്യാപകമായി ആരാധനാലയങ്ങളുടെ പേരിലും മതത്തിന്റെ പേരിലും ചേരിതിരിവ് സൃഷ്ടിക്കാനുള്ള നീക്കം ചില വിധ്വംസക ശക്തികൾ ഊർജ്ജിതപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ആരാധനാലയങ്ങൾ ഉപയോഗിച്ചു കൊണ്ട് സങ്കുചിത രാഷ്ട്രീയം വളർത്തുന്നത് തടയാൻ ദേവസ്വം ബോർഡുകൾ ജാഗ്രത പുലർത്താൻ നിർദ്ദേശം നൽകുമോ; | (എ) | സംസ്ഥാനത്ത് ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ആരാധനാലയങ്ങൾ ആയുധ പരിശീലനം നടത്തുവാനോ രാഷ്ട്രീയ സംഘടനകളുടെ പ്രവർത്തനങ്ങൾക്കോ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽ പെടുന്നമുറക്ക് അത്തരം പ്രവർത്തനങ്ങൾ തടയാൻ സർക്കാർ ദേവസ്വം ബോർഡുകൾക്ക് നിർദ്ദേശം നൽകുന്നുണ്ട്. |
| (ബി) | ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ആരാധനാലയങ്ങളുടെ പരിസരം വിശ്വാസത്തെ മറയാക്കി ആയുധ പരിശീലനത്തിനായി ഉപയോഗിക്കുന്നത് തടയാൻ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ആരാധനാലയങ്ങളുടെ പരിസരം ആയുധ പരിശീലനത്തിനായി ഉപയോഗിക്കുന്നത് 2011 ലെ പോലീസ് ആക്ട് 73-ാം വകുപ്പ് പ്രകാരം നിയന്ത്രിച്ചിട്ടുണ്ട്. അതനുസരിച്ച് ആരാധനാലയങ്ങളുടെ പരിസരം കേന്ദ്രീകരിച്ച് നടക്കുന്ന എല്ലാ വിധ കായിക പരിശീലനങ്ങളും നിരീക്ഷിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ